# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ജിഎൽപിഎസ്ജിഎച്ച്എസ്

# കൊടുങ്ങല്ലൂർ

## ആമുഖം

കൊടുങ്ങല്ലൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ജി എൽ പി എസ് ജി എച്ച് എസ്.. 2025-26 അധ്യായന വർഷത്തിൽ സ്കൂളിന്റെ അക്കാദമിക് പ്രവർത്തന ങ്ങൾ മികവാർന്നതാക്കാൻ മുൻകൂട്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് (ഒരു വർഷത്തേക്ക് വേണ്ടുന്ന) എഴുതി തയ്യാറാക്കിയിരിക്കുന്നു.. 1 2 3 4 ക്ലാസുകളിലെ മലയാളം, ഗണിതം, ഇംഗ്ലീഷ്, പരിസര പഠനം, അറബിക്, കലാകായിക വിദ്യാഭ്യാ സം,എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി കൃത്യതയോടു കൂടി ആസൂത്രണം ചെയ് തിട്ടുണ്ട്..

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി അനുസരിച്ച് കുട്ടികളുടെ പഠനനില വാരം മെച്ചപ്പെടുത്തിക്കൊണ്ട് ഒരു കുട്ടി പോലും ചോർന്നു പോകാതെ ഓരോ ക്ലാസി ലും നേടേണ്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങളാ ണ് ആസൂത്രണം ചെയ്തിരിക്കുന്നത്.. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകിക്കൊണ്ട് അവരെയും ചേർത്തുപിടിക്കുന്ന തരത്തിലുള്ള അക്കാദമി മാസ്റ്റർ പ്ലാൻ ആണ് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നത്..

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് I

# ആമുഖം

2025-26 അധ്യയന വർഷത്തിൽ ജിഎൽപിഎസ്ജിഎച്ച്എസ് കൊടുങ്ങല്ലൂർ ഒന്നാം ക്ലാസിൽ നടത്തുന്ന അക്കാദമിക് പ്രവർത്തന ങ്ങൾ എസ്ആർജിയിൽ ചർച്ച ചെയ്യുകയും കരടുരേഖ സമർപ്പിക്കു കയും ചെയ്തിരുന്നു.  ഇതനുസരിച്ച് മലയാളം, ഗണിതം, പരിസരപഠ നം, ഇംഗ്ലീഷ്, കലാകായിക ആരോഗ്യ വിദ്യാഭ്യാസം എന്നീ വിഷയങ്ങ ളിൽ വേർതിരിച്ച് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ തീരുമാനമാ യി.  ഒന്നാം ക്ലാസിലെ കുട്ടികളെ സ്വതന്ത്രവായനക്കാരും സ്വതന്ത്രരച യിതാക്കളും ആക്കുക എന്ന ലക്ഷ്യം വച്ച് ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്.  ഒന്നുമുതൽ 100 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കൽ, സങ്കലനം, വിവകലനം, കറൻസി, നാണയം എന്നിവ നിത്യജീവിതവുമായി ബന്ധപ്പെടുത്തി പ്രശ്നാപഗ്രഥനത്തിൽ ഏർപ്പെടൽ എന്നിവയാണ് ഗണിതത്തിൽ ലക്ഷ്യം വച്ചിരിക്കുന്നത്.

സ്വന്തം പരിസരത്തെ നിരീക്ഷിച്ചുകൊണ്ട് പരീക്ഷണത്തിലൂടെയും തരംതിരിക്കലിലൂടെയും കുട്ടികൾ സ്വന്തമായി നിഗമനത്തിലെത്തിച്ചേരു കയാണ് പരിസരപഠനത്തിലൂടെ ചെയ്യുന്നത്. ഇതിനനുയോജ്യമായ പ്രവർത്തനങ്ങളാണ് അക്കാദമിക് മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കു ന്നത്. ഇംഗ്ലീഷിൽ സ്വന്തമായി വാക്യം നിർമ്മിക്കുകയും സംസാരി ക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരി ക്കുന്നത്.

കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് അനു യോജ്യമായ സർഗാത്മക സൃഷ്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് കലാകാ യിക വിദ്യാഭ്യാസം അക്കാദമിക് മാസ്റ്റർപ്ലാനിൽ ഇടം നേടിയിരിക്കുന്നു.

ക്ലാസ് ഒരു വായനക്കാട്..... വീട് ഒരു പുസ്തകക്കൂട്......

ജൂലായ് 19ന് ക്ലാസിൽ കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ പുസ്തകങ്ങൾ ശേഖരിച്ച്കൊണ്ട് ക്ലാസ് ഒരു വായനക്കൂട് എന്ന പദ്ധതിയ്ക്ക് രൂപം കൊടുക്കൽ.

വീട് ഒരു പുസ്തകക്കൂട്.... എന്ന പദ്ധതിയിൽ എല്ലാ കുട്ടികളും വീട്ടിൽ ഒരു ലൈബ്രറി നിർമ്മിക്കുകയും ജൂൺ 19ന് അതിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്യണം. ഫോട്ടോഗ്രൂപ്പില പോസ്റ്റ് ചെയ്യണം. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി ക്ലാസിലെ എല്ലാ കുട്ടികളുടെയും വ്യക്തിഗത മാസ്റ്റർപ്ലാൻ തയ്യാറാക്കണം. ഒരു കുട്ടി പോലും എഴുതുവാനും വായിക്കാനും അറിയാത്തവരായി ഉണ്ടാകരുത്.

ഓരോ പ്രവർത്തനത്തിലൂടെയും കുട്ടികൾക്ക് നേടേണ്ട പ്രവർത്തനലക്ഷ്യങ്ങൾ ആസൂത്രണം ചെയ്ത് അതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ മുൻകൂട്ടി തയ്യാറാക്കി വച്ചാൽ മാത്രമേ ഒരു സ്കൂളിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുകയുള്ളൂ. ഓരോ അധ്യാപികയ്ക്കും തന്റെ ടീച്ചിങ്ങ് മാനുവൽ എങ്ങനെയാണോ അതുപോലെ ഹൃദയത്തോട് ചേർത്ത് വെക്കേണ്ട ഒന്നാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. തന്റെ ക്ലാസിൽ നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ മാത്രം ഉൾക്കൊള്ളിച്ചാലെ ഇതുകൊണ്ട് പ്രയോജനമുണ്ടാക്കുയുള്ളൂ. വളരുന്ന പ്രക്രിയകൾകൊണ്ട് സമ്പുഷ്ടമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

**ഭാഷ**

**ലക്ഷ്യം**

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരും സ്വതന്ത്ര രചയിതാക്കളും എന്ന നിലയിലേക്ക് ഉയർത്തുക.

## ഉപലക്ഷ്യങ്ങൾ

സ്വയം പഠനത്തിനു വിധേയമാകൽ

സർഗാത്മക രചനകളിൽ ഏർപ്പെടൽ

**(കഥോത്സവം, സംയുക്ത ഡയറി, വായനോത്സവം, പാട്ടുത്സവം, രചനോത്സവം, റീഡേഴ്സ് തീയേറ്റർ, കൂട്ടെഴുത്തുപത്രം, ബാലസാഹിത്യകൃതികളുടെ രചന)**

- ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുന്നു. 'വീട് ഒരു വായനക്കൂട്'
- രക്ഷിതാക്കളെ കുട്ടികളുടെ വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക. 'ക്ലാസ് ഒരു വായനക്കൂട്'
- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക
- വായിച്ച് ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണശേഷി വികസിപ്പിക്കുക
- ആശയഗ്രഹണവായന, ആസ്വാദ്യവായന പ്രോത്സാഹിപ്പിക്കുക
- കുട്ടികൾ വായനയിൽ നിന്ന് ലഭിച്ചത് പൊതുസമൂഹമായി പങ്കിടൽ
- താളാത്മകവായന, ഭാവാത്മകവായന, ചങ്ങല വായന, കൂട്ടുവായന, സംയുക്തവായന എന്നീ വായനയുടെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോകൽ
- സംയുക്തഡയറി
- സ്വന്തമായി കുട്ടിക്കവിതകൾ നിർമ്മിക്കൽ
- ബാലസാഹിത്യ കൃതികളുടെ രചന
- പാട്ടരങ്ങ്
- രചനോത്സവം, വായനോത്സവം, തത്സമ ഡയറിയെഴുത്ത്, പഠനോത്സവത്തിൽ സംഘടിപ്പിക്കൽ
- നൃത്താവിഷ്ക്കാരം, ദൃശ്യാവിഷ്ക്കാരം
- പാവ നാടകം
- റോൾപ്ലേ
- സ്കിറ്റ്

# പ്രവർത്തന കലണ്ടർ

| Sl. No. | പ്രവർത്തനത്തിന്റെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | വായനോത്സവം | ജൂൺ - മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂലായ് - മാർച്ച് |
| 3 | നൃത്താവിഷ്ക്കാരം, ദൃശ്യാവിഷ്ക്കാരം | ജൂൺ - മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ, ആഗസ്റ്റ് - മാർച്ച് |
| 5 | രചനോത്സവം | ഒക്ടോബർ - മാർച്ച് |
| 6 | കൂട്ടെഴുത്ത് പത്രം | നവംബർ - മാർച്ച് |
| 7 | റീഡേഴ്സ് തിയ്യറ്റർ | ഒക്ടോബർ - മാർച്ച് |
| 8 | ബാലസാഹിത്യകൃതി | ആഗസ്റ്റ് - മാർച്ച് |
| 9 | സ്കിറ്റ് | ജൂൺ - മാർച്ച് |
| 10 | റോൾപ്ലേ | ജൂൺ - മാർച്ച് |
| 11. | പാവനാടകം | ജൂൺ - മാർച്ച് |
| 12. | സാങ്കല്പിക ഡയറി | നവംബർ - മാർച്ച് |

# വായനോത്സവം:

## ജൂൺ

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
| --- | --- |
| ❖ ക്ലാസ് പിടിഎ പഠനോപകരണ ശില്പശാല<br>❖ ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ ക്ലാസ് ഒരു വായനക്കൂട് വീട് ഒരു പുസ്തകക്കൂട്<br>❖ കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന. ഭാവാത്മകമായി കഥ അമ്മ അവതരിപ്പിച്ചുകൊടുക്കുന്നു.<br>❖ ഓരോ കുട്ടിക്കും ഓരോ പുസ്തകം വിതരണം ചെയ്യുന്നു. ചിത്രവായന നടത്തുന്നു.<br>❖ അമ്മ വായിച്ചു കൊടുത്ത കഥ ക്ലാസിൽ അവതരണം<br>❖ കുട്ടി കേട്ട കഥയുടെ അവതരണം<br>❖ വായിച്ച കഥയുടെ കുറിപ്പ് തയ്യാറാക്കൽ<br>❖ വായനാ കാർഡുകളുടെ നിർമ്മാണം<br>❖ ഡിജിറ്റൽ വായനാക്കാർഡുകൾ നിർമ്മിക്കുന്നു | |

## ജൂലൈ

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| ❖ ഒരു കഥാപുസ്തകം നൽകുന്നു<br>❖ ചിത്രവായന<br>❖ കഥാ സന്ദർഭം<br>❖ ചിത്രം നോക്കി ഊഹിച്ചു പറയുന്നു. ഓരോ പേജിലും ചിത്രസൂചകങ്ങൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലൂടെയും വിരലോടിച്ച് വായിക്കുന്നത് കേൾക്കുന്നു.<br>❖ രണ്ട് മൂന്ന് തവണ അവ വായിക്കുന്നത് കേൾക്കാനുള്ള അവസരം<br>❖ ആശയ ചോർച്ചയില്ലാതെ കുട്ടി കഥ അവതരിപ്പിക്കുന്നു.<br>❖ ക്ലാസ് പിടിഎ യിൽ കഥ അവതരണം<br>❖ അസംബ്ലിയിൽ കഥ അവതരണം | |

## ആഗസ്റ്റ്

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| ❖ വായനയുടെ മൂന്നാംഘട്ടം കഥോത്സവം<br>❖ വായിച്ചും കേട്ട കഥകളും ക്ലാസിൽ അവതരിപ്പിക്കുന്നു.<br>❖ ക്ലാസ് പിടിഎ യിൽ പുസ്തക വായന കഥ അവതരണം<br>❖ കൂടുതൽ പുതിയ വാക്കുകൾ പരിചയപ്പെടുന്നു.<br>❖ കൊച്ചുകവിതകൾ അവതരിപ്പിക്കുന്നു<br>❖ ആംഗ്യപാട്ടിന് പ്രാമുഖ്യം നൽകുന്നു. | |

## സെപ്തംബർ

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| ❖ പുസ്തകം നോക്കി കുട്ടി തനിയെ കഥ വായിക്കുന്നു. മൂന്നാലുതവണ ഒരേ പുസ്തകം വായിക്കുന്നു. കഥയുടെ ആശയം കുട്ടി തന്നെ വായിച്ചു പറയുന്നു. ക്ലാസ് പിടിഎയിൽ പുസ്തകപരിചയം മലയാളമാസങ്ങൾ പഠിപ്പിക്കുന്നു. സിപ്പി പള്ളിപ്പുറത്തിന്റെ കവിത അവതരണം. പൂക്കളെക്കുറിച്ചുള്ള കവിത അവതരിപ്പിക്കുന്നു. ഓണത്തെ കുറിച്ചുള്ള കവിത അവതരണം, ഐതിഹ്യം, കഥ, ഓണച്ചൊല്ലുകൾ, പ്രാധാന്യം, ഓണപ്പാട്ട്, ഓണസദ്യ, ഓണത്തല്ല് എന്നിവ കുട്ടിക്ക് | |

## ഒക്ടോബർ

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| ❖ കുട്ടി തനിയെ കഥ വായിക്കുന്നു<br>❖ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>❖ വായിച്ച കഥ അവതരിപ്പിക്കാൻ ക്ലാസിൽ അവസരം | |
| **നവംബർ** | |
| ❖ കഥ വായനയിലൂടെ ലഭിച്ച ആശയം ചിത്രീകരണം<br>❖ സ്വന്തമായി കഥയുടെ നിർമ്മാണം<br>ഉദാ: ചിത്രങ്ങൾ കൊടുത്തിട്ട് ചിത്രവായനയിലൂടെ ആശയത്തിലേക്ക് എത്തിക്കുകയും സ്വതന്ത്രമായി രചന നടത്താനുള്ള അവസരം | |
| **ഡിസംബർ** | |
| ❖ ഏഴു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടിയെ ആദരിക്കുന്നു.<br>❖ കഥയെ കുറിച്ച് വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു.<br>❖ പതിപ്പാക്കുന്നു. | |

| ജനുവരി | |
|---|---|
| **പ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
| ❖ പാഠപുസ്തകം സ്വന്തമായി വായിക്കുന്നു. വിവിധതരം കുട്ടിക്കവിതകളുടെ അവതരണം<br>❖ വായന ലക്ഷ്യമാക്കി അടുത്തുള്ള മുൻസിപ്പൽ ലൈബ്രറി സന്ദർശനം | |

| ഫെബ്രുവരി | |
|---|---|
| **പ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
| ❖ അമ്മമാരുടെ വായന പ്രോത്സാഹിപ്പിക്കുവാൻ ഏറ്റവും കൂടുതൽ പുസ്തകം വായിച്ച അമ്മയെ ആദരിക്കുന്നു. | |
| **മാർച്ച്** | |
| **പ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
| ❖ വീട് ഒരു പുസ്തകക്കൂട് എന്ന പദ്ധതിയിൽ ഏറ്റവും കൂടുതൽ പുസ്തകം ശേഖരിച്ച കുട്ടിയെ കണ്ടെത്തൽ | |

# ലേഖനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

| ജൂലൈ | |
|---|---|
| **പ്രവർത്തനങ്ങൾ** | **വിലയിരുത്തൽ** |
| ❖ ക്ലാസ് പിടിഎ<br>❖ സംയുക്ത ഡയറി ഉദ്ഘാടനം<br>❖ അമ്മയും കുട്ടിയും ഡയറി എഴുത്ത് പരിശീലനം<br>❖ ഡയറി വായന | |
| **ആഗസ്റ്റ്** | |
| ❖ ഡയറി എഴുത്തും വായനയും തുടരുന്നു.<br>❖ തിരഞ്ഞെടുത്ത ഡയറി അവതരണം അസംബ്ലിയിലും ക്ലാസ് പിടിഎ യിലും<br>❖ ഡയറി പ്രദർശനം | |
| **സെപ്തംബർ** | |
| ❖ ജൂലൈ ആമസ്റ്റ് മാസത്തിൽ ഡയറി പതിപ്പിറക്കുന്നു.<br>❖ സ്കൂൾ ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. | |
| **ഡിസംബർ** | |
| ❖ സാങ്കല്പിക ഡയറിയെഴുത്ത്<br>❖ കഥകൾ പതിപ്പ് ആക്കൽ | |
| **ജനുവരി** | |
| ❖ സാങ്കല്പിക ഡയറിയെഴുത്ത് തുടരുന്നു.<br>❖ കൂട്ടെഴുത്ത് പത്രം | |

| ഫെബ്രുവരി | |
|---|---|
| ❖ സ്കൂൾ അസംബ്ലിയിൽ ഡയറി വായന. കൂട്ടെഴുത്ത് പത്രം പ്രകാശനം. | |
| **മാർച്ച്** | |
| ❖ പഠനോത്സവത്തിൽ പ്രിന്റ് ചെയ്ത ഡയറികളുടെ പ്രകാശനം | |

# ഗണിതം

- 1 മുതൽ 100 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കൽ
- നിറം നൽകൽ
- ആരോഹണം, അവരോഹണം, ജ്യാമിതീയ രൂപങ്ങൾ,
- പാറ്റേൺ, സംഖ്യാവ്യാഖ്യാനം,
- ചെറിയ സംഖ്യ, വലിയ സംഖ്യ, ഇരട്ടസംഖ്യ, കൂട്ടമാക്കൽ, പ്രശ്നാപഗ്രഥനം, യുക്തിചിന്തവളർത്തൽ, ഗണിതകേളികളിൽ ഏർപ്പെടൽ, മുന്നിലാര് പിന്നിലാര് കളി, ഒറ്റ ഇരട്ട കളി, കൂട്ടത്തിൽ പെടാത്തത്, ഗണിത ചാർട്ട് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ കുട്ടിയുടെ ഗണിതത്തോട് താത്പര്യം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. ഇഎൽപിഎസ് രീതിയിൽ ഗണിതപഠനം ക്ലാസിൽ പ്രാവർത്തികമാക്കുക. അതിനായി മഞ്ചാടി സഞ്ചി - tenframe കട്ട്ഔട്ടുകൾ, ചിത്രശേഖരണം എന്നിവ ഒരുക്കുക. ഇവയിലൂടെ ഗണിതപഠനം രസകരവും താത്പര്യം ജനിപ്പിക്കുന്നതിനും

# ഗണിതം

## പ്രവർത്തന കലണ്ടർ

| പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|
| ❖ ഗണിതപഠനോപകരണ ശില്പശാല<br>❖ നിറം നൽകൽ<br>❖ വസ്തുക്കളിലൂടെയുള്ള സംഖ്യാ ബോധം വരുത്തൽ<br>❖ ചിത്രരൂപീകരണത്തിലൂടെയുള്ള സംഖ്യാബോധം<br>❖ കളികളിലൂടെ സംഖ്യ പരിചയപ്പെടുത്തൽ<br>❖ 1 മുതൽ 100 വരെയുള്ള സംഖ്യാപഠനം പരിചയപ്പെടുത്തൽ<br>❖ വലിയസംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം.<br>❖ സങ്കലനത്തിലൂടെ സംഖ്യാഗാനങ്ങൾ ആസ്വദിക്കുന്നതിലൂടെ ഗണിത പ്രവർ ത്തനങ്ങൾ ആസ്വദകരം ആക്കുന്നു.<br>❖ ചിഹ്നങ്ങൾ (സങ്കലനം, വ്യവകലനം), പ്രവർത്തനങ്ങളിലൂടെ തിരിച്ചറിവാക്കുന്നു<br>❖ ഗണിതക്വിസ് നടപ്പാക്കുന്നു.<br>❖ വർക് ഷീറ്റ് കൾ തയ്യാറാക്കുന്നു.<br>❖ കുത്തെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.<br>❖ പാറ്റേണുകൾ രൂപീകരിക്കുന്നു.<br>❖ ഗണിതചാർട്ട് നിർമ്മാണം<br>❖ കറൻസികൾ, നാണയം പരിചയപ്പെടത്തൽ<br>❖ Maths club രൂപീകരണം<br>❖ Ten frame<br>❖ ELPS ലൂടെയുള്ള ഗണിതപഠനം<br>❖ മഞ്ചാടി സഞ്ചി പ്രയോജനപ്പെടുത്തൽ | |

**പരിസരപഠനം**

**കലാ ആരോഗ്യ കായിക വിദ്യാഭ്യാസം**

| പ്രവർത്തനം | കാലം |
|---|---|
| ദേശാടന പക്ഷികളുടെ പാട്ട് ദൃശ്യാവിഷ്കാരം<br>ദേശാടനക്കിളികളെ നിർമ്മാണം<br>വിവിധ പക്ഷികളുടെ ശബ്ദാനുകരണം | ജൂൺ |
| പുഴു നിർമ്മാണം<br>തൂവൽക്കൊണ്ടു മയിൽ<br>പൂക്കൾ നിർമ്മാണം<br>പൂന്തോട്ടനിർമാണം<br>പൂക്കൾ ശേഖരണം<br>വിവിധതരം പൂക്കളെ തിരിച്ചറിയൽ, പട്ടികപ്പെടുത്തൽ | ജൂലൈ |
| കൊടി നിർമ്മാണം<br>കളറിംഗ്<br>ദേശഭക്തിഗാനങ്ങൾ<br>കുട്ടിപ്പാട്ടുകളുടെ അവതരണം | ആഗസ്റ്റ് |
| ഓണക്കളികൾ പരിചയപ്പെടൽ<br>പൂക്കൾ നിർമ്മാണം<br>ഓണസദ്യ ഓണപ്പാട്ടുകൾ<br>വടംവലി<br>കൈക്കൊട്ടികളി | സെപ്റ്റംബർ |
| പട്ടം നിർമ്മാണം, പട്ടം പറത്തൽ<br>ഗാന്ധി ജയന്തി റാലി<br>സ്പോർട്സ് ഡേ | ഒക്ടോബർ |
| ശിശുദിന റാലി<br>നാടൻ കളികൾ<br>സ്കിറ്റ് (മുത്ത് തേടി) | നവംബർ |
| പച്ചക്കറിത്തോണി, വിവിധതരം കളികൾ | ഡിസംബർ |
| റിപ്പബ്ലിക് ദിന പാട്ടുകൾ<br>വാഹനങ്ങളെക്കുറിച്ച് പതിപ്പ് തയ്യാറാക്കൽ<br>വിവിധതരം വാഹനങ്ങളെകുറിച്ചുള്ള മേനിപറച്ചിൽ<br>വിവിധ വാഹനങ്ങളുടെ ചിത്രശേഖരണം | ജനുവരി |

# ENGLISH

# ACADEMIC MASTER PLAN

# CALSS 1 A

## Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read write and speak English with it. No child should be able to speak English fluently like Malayalam. We have to keep our world language English, close to our hearts.

The Academic Master Plan is designed to ensure that not a single child goes illiterate or illiterate.

## Aim – Objectives

## Learning Outcomes

- ❖ Simple words, Simple Sentence, add more lines, description make sure these are in the childrens.
- ❖ Responds to simple instructions in the classroom,

  Ex: May I come in teacher
- ❖ Describes orally about pictures and objects using adjuctives. (Colour, Size, Shape etc.)
- ❖ Familiaries with words identifies.
- ❖ Enjoys songs and sings them with rhythem and action
- ❖ Familiarieses the names of birds, animals theirs young ones and identifies them from pictures.

## FEBRUARY

- ❖ Provides the opportunity to express "My self" in the classroom, in the Assembly and in the CPTA
- ❖ English provides an opportunity to speak fluently and without fear
- ❖ A period of daily spoken English class provides an opportunity
- ❖ Provides opportunities for English Assembly one day a week.

## MARCH

- ❖ English speaks fluently
- ❖ Can read and write simple sentence
- ❖ Picture reading, picture describing can tell you how to read and write
- ❖ My growing book, my picture dictionary, reading cards, my magic book.

## AIM

- ❖ Simple words, simple sentence to speak, read and write make sure these are in the childrens.

## PRE TEST

- ❖ To develop listening skills and reading skills first listening skills.
- ❖ Familiaries with words like Ant, Apple, bat, bag etc. and identifies the words.

## ACTION PLAN – ACTIVITIES

## JUNE

- ❖ Simple words introducing
- ❖ Provides picture card
- ❖ Gives a familiar magic picture card (Apple, Ant, Umbrella)

## JULY

- ❖ Says the familiar words
- ❖ Writing familiar words
- ❖ Reading familiar words

## AUGUST

- ❖ Enjoys songs and sings them with rhythm and action
- ❖ Describes orally about picture and objects using adjectives. (Colours, Shape, Small, Big etc.)

## SEPTEMBER

- ❖ Reads and writes simple words and simple sentence Ex.: Apple, An aaple, Red apple
- ❖ Provides picture card and reading cards

## OCTOBER

- ❖ Introduces a simple picture description.
- ❖ Word chain, sentenc chain make words
- ❖ Sentences make riddles
- ❖ Describing words, rhyming words etc. text book activities
- ❖ My growing book is being prepared

## NOVEMBER

- ❖ My small description book is being prepared
- ❖ Prepairing the reading card
- ❖ The classroom provides more opportunities to read, write and speak English
- ❖ Writes 5 English words daily
- ❖ Prepared and displayed by "My English World"

## DECEMBER

- ❖ My picture dictionary is being prepared
- ❖ My growing book is being prepared
- ❖ Simple instructions in the classroom
- ❖ Encourages digital reading in the classroom every day

## JANUARY

- Enjoys songs and sings them with rhythm and action
- 'My Amazing book' is being prepared
- Animals and birds collect pictures
- Animals and young ones collect young ones
- Spoken English class is provided

# അക്കാദമിക് മാസ്റ്റർ - പ്ലാൻ

# ക്ലാസ്സ് - 2

# ആമുഖം

2025 – 26 അധ്യവന വർഷത്തിൽ രണ്ടാം ക്ലാസ്സിലെ കുട്ടികൾ കൈവരിക്കേണ്ട ശേഷികളെ മുന്നിൽ കണ്ടുകൊണ്ടാണ് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഭാഷ, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങളിലായി ഓരോ കുട്ടിയും വർഷാവസാനമാകുമ്പോഴേക്കും എത്തിച്ചേരേണ്ട ലക്ഷ്യങ്ങൾ ഇവയെല്ലാമാണ്.

- സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക
- രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക.

ഈ ലക്ഷ്യങ്ങളെ മുൻനിർത്തി 2025-26 വർഷത്തിൽ തയ്യാറാക്കിയ പ്രവർത്തന പദ്ധതിയാണ് തുടർന്ന് കൊടുത്തിരിക്കുന്നത്.

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | • ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)<br>• ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ<br>• വായനാ സാമഗ്രികൾ നിർമ്മിക്കൽ<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ | ജൂൺ | SRG അധ്യാപിക | CPTA |
| രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക | • ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുക<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• സ്ക്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. | ജൂലൈ | SRG അധ്യാപിക | MPTA CPTA |
| | • ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>• വീട്ടു ലൈബ്രറി ഒരുക്കൽ<br>• ചിത്ര വിവരണം<br>• വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. | ആഗസ്റ്റ് | ക്ലാസ്സ് അധ്യാപിക | CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാരങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നു | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ | സെപ്തംബർ | SRG ക്ലാസ്സ് ടീച്ചർ | CPTA |
| സ്വന്തം ഭാഷയിൽ സന്ദർഭത്തിനനുസരിച്ച് ആശയങ്ങൾ അവതരിപ്പിക്കുന്നു. പതിപ്പാക്കുന്നു | • കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ<br>• വിവധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു. | ഒക്ടോബർ | HM & SRG ക്ലാസ്സ് ടീച്ചർ | CPTA |
| കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. | • ലഘുപതിപ്പുകൾ തയ്യാറാക്കൽ | നവംബർ | HM & SRG ക്ലാസ്സ് | CPTA |
| • ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു<br>• ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | • ലഘുപതിപ്പുകൾ തയ്യാറാക്കൽ<br>• രചനാ ശില്പശാല | ഡിസംബർ | ക്ലാസ്സ് ടീച്ചർ | MPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വരികൾ കൂട്ടിചേർത്ത് പാടുന്നതിനും എഴുതുന്നതിനും അവസരമൊരുക്കൽ | കവിതാപൂരണം | ജനുവരി | അധ്യാപിക | SRG |
| കുട്ടികൾ സ്വതന്ത്രമായ സർമാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ | ലേഖനം, എഴുത്ത് | ഫെബ്രുവരി | അധ്യാപിക | CPTA |
| • വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>• വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>• ക്ലാസ്സ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി ശക്തമാക്കൽ | രചനാ ശില്പശാല<br>ലഘുപതിപ്പുകൾ<br>രംഗാവിഷ്കാരം | മാർച്ച് | SRG അധ്യാപിക | SRG |
| രണ്ടാം ക്ലാസ്സിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം. സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ | • 1, 2, 3, 4, --, 1, 3, 5, 7, --, 10, 20, 30, 40, -- തുടങ്ങിയ സംഖ്യാ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>• ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ജൂൺ | ക്ലാസ്സ് ടീച്ചർ | CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ | ജൂലൈ | ക്ലാസ്സ് ടീച്ചർ | SRG |
| ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100ൽ താഴെ) | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>• 99 നോട് 1 കൂട്ടിയാൽ 10 പത്തുകൾ ചേർന്നാൽ 100 ആകും | ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | CPTA |
| സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് | • ഓരോ സംഖ്യകളേയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | സെപ്റ്റംബർ | SRG | CPTA |
| | • ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ | | | |
| | • വിലവിവര പട്ടിക തയ്യാറാക്കൽ | | | |
| | • ക്ലാസിലൊരു കട സ്ക്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു. | | MPTA SRG ക്ലാസ്സ് ടീച്ചർ | SSA CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | SRG & SSA |
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | • സ്ഥാനവില തിരിച്ചറിയൽ<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ വെട്ടി തയ്യാറാക്കി സംഖ്യ എഴുതുക<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ | നവംബർ | ക്ലാസ്സ് ടീച്ചർ | SRG & CPTA |
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ. | • സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ<br>• സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില, പോക്കറ്റ്-അബാക്കസ് നിർമ്മിക്കൽ<br>• രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു | ഡിസംബർ | SRG ക്ലാസ്സ് ടീച്ചർ | SSA & CPTA |
| | • വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | ജനുവരി | ക്ലാസ് ടീച്ചർ | CPTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പി ക്കൽ | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>• ഉല്ലാസഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | SSA & CPTA |
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ<br>• കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക | മാർച്ച് | SRG & ക്ലാസ്സ് ടീച്ചർ | MPTA & CPTA |

**മേഖല : അക്കാദമികം** **ഉപമേഖല : പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസ്സുകൾ | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ SRG | SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ച ബംഗ്ലാവി ലേക്ക് കാണാക്കാഴ്ചകൾ | ആഗസ്റ്റ്, സെപ്തംബർ | ക്ലാസ്സ് ടീച്ചർ SRG | SMC |
| നാടറിയാൻ – നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷി യിടത്തിലേക്ക് നമുക്കും കർഷക രാകാം | ഒക്ടോബർ, നവംബർ | ക്ലാസ്സ് ടീച്ചർ & നാട്ടുകാർ | SMC |
| ആരോഗ്യമുള്ള ശരീരത്തിന് പോഷകം നിറഞ്ഞ ഭക്ഷണങ്ങളെകു റിച്ച് അവബോധം ഉണ്ടാക്കുന്നു | ധാന്യങ്ങൾ, ഇലക്കറികൾ, പഴ ങ്ങൾ, പച്ചക്കറികൾ, പാൽ, മുട്ട, മാംസം എന്നീ ഭക്ഷണങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യം ചർച്ച | ഡിസംബർ, ജനുവരി | ക്ലാസ്സ് ടീച്ചർ | SMC |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം ഭക്ഷണങ്ങൾ തരംതിരിക്കൽ, പട്ടികപെടുത്തൽ അപഗ്രഥനം | പട്ടിക തയ്യാറാക്കൽ | ഫെബ്രുവരി, മാർച്ച് | ക്ലാസ്സ് ടീച്ചർ | SRG & SMC |

# ENGLISH

| Aim | Activities | Time | Charge | |
|---|---|---|---|---|
| • To speak, Read & Write English without any mistakes<br>• To develop listening skills & reading skills first | Pretest<br><br>Games, Action songs, conversation, Skit, Stories | June<br>July<br>August | Class Teacher | SSA<br>PTA |
| • To develop speaking skills | Description growing sentences. Picture reading picture description self introduction Assembly. Speech, book review, quiz, riddles, self introduction | September<br>October | | SSA<br>PTA |
| • To develop reading skills | News paper reading, library books reading, book review, reading breaking news, find words collect and read past tense. Rhyming words describing words etc. | November<br>December | | SSA<br>PTA |
| • To develop writing skills | Make word web picture description. Word chain, Sentence chain make words & sentence make riddles. Conversation. Add more lines, develop story, description, notice proclamation, diary, letter, announcement, magazines | January<br>February<br>March | Class Teacher<br>MPTA | SSA<br>PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അറബിക്

**മേഖല : അക്കാദമികം** **ഉപമേഖല : അറബിക്**

**ലക്ഷ്യങ്ങൾ :**

1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദ നിർമ്മാണം, പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ആസ്വിക്കുന്നതിന്
5. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| **ഉപലക്ഷ്യങ്ങൾ** | **ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ** | **നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം** | **ഓരോ ഘട്ടത്തിലും പ്രതീക്ഷിത തെളിവുകൾ** | **നിർവ്വഹണ കാലയളവ്** |
|---|---|---|---|---|
| • അക്ഷര വായന<br>• എഴുത്തു രീതി<br>• ചിഹ്നങ്ങൾ ചേർത്തുവായന | • അക്ഷര കാർഡുകൾ നൽകുന്നു<br>• അക്ഷരങ്ങൾക്ക് നിറം നൽകൽ<br>• ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>• ICT ഉപയോഗിക്കുന്നു | • തെറ്റായ രീതിയിൽ കൂട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>• അക്ഷരപഠന സഹായി ഉപയോഗിക്കുന്നു.<br>• വീടുകളിൽ അക്ഷര പാട്ട് | • കുട്ടികൾ വായിക്കുന്നു<br>• ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു.<br>• ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലും പ്രതീക്ഷിത തെളിവുകൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|
| • പദ നിർമ്മാണം<br>• പദ ശേഖരണം | • അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>• പദ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു | • ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | ഓഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ |
| • ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു | • പാഠപുസ്തകത്തിലെ ഉപചാരവാക്കുകൾ നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | • വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കാൻ | | ഓഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ |
| • ദിനാചരണങ്ങൾ പരിചയപ്പെടൽ | • ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | • രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | ജൂൺ<br>മാർച്ച് |

# അക്കാദമിക മാസ്റ്റർ - പ്ലാൻ

## ക്ലാസ്സ് - 3

## ആമുഖം

2025 - 26 അധ്യവന വർഷത്തിൽ മൂന്നാം ക്ലാസ്സിലെ ഭാഷാ പഠനത്തിലും ഇംഗ്ലീഷ്, ഗണിത, പരിസരപഠനം എന്നീ വിഷയങ്ങളിലും എന്റെ കുട്ടികൾ വർഷാവസാനം ആകുമ്പോഴേക്കും എത്തിച്ചേരേണ്ട ലക്ഷ്യങ്ങളെ മുൻനിർത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഭാഷയിൽ എന്റെ കുട്ടികൾ മാർച്ച് മാസത്തിലെ പഠനോത്സവത്തിൽ സ്വന്തമായി ഭാവാത്മകമായി വായിക്കാനും സർഗാത്മക രചനയിൽ ഏർപ്പെടാനും കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് മൂന്നാം ക്ലാസിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇംഗ്ലീഷ് പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ സ്വന്തമായി സംഭാഷണം, വിവരണം, സ്കിറ്റ്, വരികൾ കൂട്ടിച്ചേർക്കൽ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുകയും കുട്ടികളിൽ താൽപ്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു. ഗണിതത്തിൽ മൂന്നക്ക സംഖ്യാബോധം ഉറപ്പിക്കലും സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, ആരോഹണം, അവരോഹണം, ജ്യാമിതീയ രൂപങ്ങൾ, പാറ്റേണുകൾ, കറൻസികൾ, നാണയങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിലൂടെ കുട്ടികൾ ഗണിത പഠനത്തിലെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. പരിസരപഠനത്തിൽ പ്രക്രിയ ശേഷികളായ നിരീക്ഷണം തരംതിരിക്കൽ, വർഗീകരണം പരീക്ഷണത്തിലേർപ്പെടൽ, നിഗമനം എന്നിവയിലൂടെ കുട്ടി മുന്നേറുന്നു.

**ഭാഷ**

**ലക്ഷ്യം:** ഭാവാത്മകവായനയ്ക്കും സർഗരചനയ്ക്കും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

**ഉപലക്ഷ്യങ്ങൾ**

- ❖ വായനയ്ക്കും എഴുത്തിനുമായി എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ❖ ഭാവനത്മക വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.
- ❖ സർഗരചനയ്ക്ക് അവസരം നൽകുക.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലുക | • ലൈബ്രറി ഒരുക്കൽ<br>• നാടൻപാട്ട് ശേഖരണം<br>• പഴചൊല്ല്, കടങ്കഥകൾ ശേഖരണം<br>• കവിതകൾ താളാത്മകമായി ചൊല്ലുന്നു. ആസ്വദിക്കുന്നു.<br>• പാവനാടകം<br>• ഭാവാത്മക വായന | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് |
| ചിത്രങ്ങൾ വായിച്ച് ആശയങ്ങൾ തിരിച്ചറിയുക<br>പോസ്റ്റർ, കത്ത് വ്യവഹാര രൂപ നിർമ്മാണം | • കഥ പൂർത്തിയാക്കൽ<br>• പലഹാര പ്രദർശനം<br>• കത്ത്<br>• പോസ്റ്റർ | സെപ്റ്റംബർ<br>ഒക്റ്റോബർ |
| വിവിധ തൊഴിലുകളുമായി ബന്ധപ്പെക്ക രചനകൾ പരിചയപ്പെടുന്നു. | • കൃഷിപ്പാട്ട്<br>• കൃഷിചൊല്ല്<br>• നാടൻപാട്ട് | ഒക്റ്റോബർ<br>നവംബർ |

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| പ്രാദേശിക ഭാഷാഭേദങ്ങളുടെയും ശൈലികളുടെയും പ്രത്യേകത മനസിലാക്കൽ | • ഭാവാത്മക വായന<br>• കവിത ഈണത്തിൽ വായിക്കുന്നു | നവംബർ ഡിസംബർ |
| പ്രാദേശിക ഭാഷാ ഭേദങ്ങളും ശൈലികളും അടങ്ങുന്ന കഥ, കവിത ആസ്വദിക്കൽ | • കഥാവായന<br>• കത്ത്<br>• കവിത താളമിട്ടു ചൊല്ലൽ<br>• പോസ്റ്റർ വായന | ഡിസംബർ ജനുവരി |
| കഥ, ശാസ്ത്രകഥ, കവി ത എന്നിവ വായിച്ച് ചർച്ച ചെയ്യുന്നു | • കവിത താളമിട്ടു ചൊല്ലൽ<br>• പോസ്റ്റർ<br>• കത്ത്<br>• പരീക്ഷണം<br>• കാർട്ടൂൺ വായന<br>• അറിയിപ്പ് | ജനുവരി ഫെബ്രുവരി |
| സ്വന്തം രചനകളുടെ അവതരണം | • സ്വന്തം രചനകൾ ഭാവാത്കമായി ക്ലാസിൽ അവതരിപ്പിക്കൽ<br>• വിലയിരുത്തൽ | ഫെബ്രുവരി മാർച്ച് |

# ENGLISH

## AIM

- ❖ To speak, Red & write English without any mistakes
- ❖ To check the vocabulary and writing skills of pupils
- ❖ To develop listening skills and reading skills
- ❖ Develop the creative speaking and writing

| Activity | Period | Assessment |
|---|---|---|
| Vocabulary and writing skills checking<br>Pre test<br>develop listening and reading skills through Games, Action songs, conversations, skit stories and ICT speaking skills improving with the use of simple description, sentences, and pictures. | June<br>July | |
| Developing creative speaking and writing through<br>Book reading<br>Find workds<br>Rhyming words<br>TB activities<br>Word web<br>Picture description<br>riddles, conversation<br>Add more lines | August<br>September | |

| Activity | Period | Assessment |
|---|---|---|
| Expressing thoughts and feelings with the use of Library book reading conversation, stories, ICT, Thoughts | October<br>November | |
| Creating speaking and writing improving with the help of Library book, stories, dairy announcement | December<br>January | |
| Presentation power improving<br>Library book reading, skit, develop stories, Thoughts, Description, dairy, Exhibition | February<br>March | |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ❖ ചുറ്റുപാടും നിരീക്ഷിച്ച് തരംതിരിക്കൽ, വർഗീകരിക്കൽ, പരീക്ഷണങ്ങളിലേർപ്പെടൽ, നിഗമനത്തിൽ എത്തിച്ചേരൽ എന്നീ പ്രക്രിയ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നതിന് കുട്ടിയെ പ്രാപ്തനാക്കുന്നു. സ്വയം പരീക്ഷണങ്ങളിലേർപ്പെട്ട് നിഗമനത്തിൽ എത്തിച്ചേരുക
- ❖ പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുന്നു.

### പ്രവർത്തന കലണ്ടർ

### പരിസരപഠനം

| പ്രവർത്തനങ്ങൾ | കാലയളവ് | വിലയിരുത്തൽ |
|---|---|---|
| ❖ നിരീക്ഷണം<br>❖ സസ്യങ്ങൾ പ്രധാനഭാഗങ്ങൾ, വേര്, തണ്ട്, ഇല<br>❖ സസ്യങ്ങളുടെ സവിശേഷതകൾ വേർതിരിക്കൽ പട്ടികപ്പെടുത്തൽ, നിഗമനത്തിലെത്തൽ<br>❖ വിലയിരുത്തൽ<br>❖ വളർച്ചഘട്ടങ്ങൾ (ചെടി)<br>❖ സസ്യസംരക്ഷണം | ജൂൺ<br>ജൂലായ് | |
| വളർത്തു ജീവികളെ പട്ടികപ്പടുത്തൽ, നിരീക്ഷിക്കൽ, ഒറിഗാമി രൂപങ്ങൾ നിർമിക്കൽ, ജീവികളുടെ സഞ്ചാര രീതികൾ, മാംസാഹാരി, സസ്യാഹാരികൾ, മിശ്രാഹാരികൾ, ആഹാര രീതികളും സവിശേഷതകളും പൂമ്പാറ്റ നിരീക്ഷണം. | ജൂലൈ<br>ആഗസ്റ്റ് | |

| പ്രവർത്തനങ്ങൾ | കാലയളവ് | വിലയിരുത്തൽ |
|---|---|---|
| ചർച്ച, ചർച്ചക്കുറിപ്പ്, പരീക്ഷണം, ജലസ്രോതസ്സുകൾ | ആഗസ്റ്റ് സെപ്റ്റംബർ | |
| ചിത്രവായന, പരീക്ഷണത്തിലേർപ്പെടൽ, നിഗനത്തിലെത്തൽ, മണ്ണ് നിരീക്ഷണം, കളിമൺ രൂപങ്ങൾ, നിർമ്മാണം<br>പരീക്ഷണക്കുറിപ്പ് | | |
| ശരീര ശുചിത്വവുമായി ബന്ധപ്പെട്ട കവിത, കഥ, നിരീക്ഷണം<br>വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം<br>പോസ്റ്റർ, സ്കൂൾ പരിസര നിരീക്ഷണം<br>മാലിന്യ തരംതിരിവ്<br>ചർച്ച | ഒക്ടോബർ | |
| ഭക്ഷ്യവസ്തുക്കളെ തരംതിരിക്കാം<br>ധാന്യങ്ങൾ, ചെറുധാന്യങ്ങൾ<br>പ്രദർശനം, ഭക്ഷ്യമേള, പട്ടിക<br>അപഗ്രഥനം, ആരോഗ്യ അറിയിപ്പ്<br>എന്റെ ആരോഗ്യ കാർഡ്<br>സാലഡ് തയ്യാറാക്കം<br>പോസ്റ്റർ നിർമ്മാണം | നവംബർ | |
| ചർച്ച, കളികളിലേർപ്പെടൽ, പട്ടികപ്പെടുത്തൽ, ചിത്രനിരീക്ഷണം, പരീക്ഷണം, റോഡ് അപകടവും കാരണങ്ങളും,<br>ചിത്രവായന,<br>മുന്നറിയിപ്പ് ബോർഡുകൾ | ഡിസംബർ ജനുവരി | |

| പ്രവർത്തനങ്ങൾ | കാലയളവ് | വിലയിരുത്തൽ |
|---|---|---|
| ചർച്ച, നിരീക്ഷണം,<br>താരതമ്യപ്പെടുത്തൽ,<br>ഗ്ലോബ് നിരീക്ഷിക്കൽ,<br>പരീക്ഷണത്തിലേർപ്പെടൽ,<br>ചിത്രീകരണം, നിഗമനത്തിലെത്തൽ,<br>ചിത്രവായന | ജനുവരി<br>ഫെബ്രുവരി | |
| കാർഡുകളി, പക്ഷികൾ, കൂടുകൾ<br>കൂടുകളുണ്ടാക്കാൻ ഉപയോഗിക്കുന്ന<br>വസ്തുക്കൾ, പരിസരനടത്തം<br>പട്ടിക പൂർത്തിയാക്കൽ<br>വിവിധതരം വീടുകൾ<br>നിർമ്മാണ പ്രവർത്തനങ്ങൾ | മാർച്ച് | |

## ഗണിതം

**<u>ലക്ഷ്യങ്ങൾ</u>**

- 100 മുതൽ 1000 വരെയുള്ള സംഖ്യാബോധം ഉറപ്പാക്കൽ
- ചെറിയ സംഖ്യ, വലിയ സംഖ്യ, ഒറ്റസംഖ്യ, ഇരട്ട സംഖ്യ, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, പ്രശ്നാപഗ്രഥനം, യുക്തിചിന്ത വളർത്തൽ, ഗണിതകേളികളിൽ ഏർപ്പെടൽ, ഗണിത ചാർട്ട് ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുക. വിവിധ രൂപങ്ങൾ, അളവ് പാത്രങ്ങൾ, യൂണിറ്റുകൾ മുതലായവയിലൂടെ പഠനം കൂടുതൽ ലളിതമാക്കുന്നു. പസിൽ, പാറ്റേൺ നിർമ്മാണം, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണം.

## പ്രവർത്തന കലണ്ടർ

## ഗണിതം

| പ്രവർത്തനങ്ങൾ | കാലയളവ് | വിലയിരുത്തൽ |
|---|---|---|
| ❖ ഗണിത പഠനോപകരണ ശില്പശാല | ജൂൺ | |
| ❖ ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെടൽ<br>വിവിധ വസ്തുക്കൾ ഉപയോഗിച്ച് രൂപ നിർമ്മാണം, നിറം നൽകൽ, പസിൽ, പാറ്റേൺ | ജൂലായ് | |
| ❖ സംഖ്യാ വ്യാഖ്യാനം<br>മൂന്നക്ക സംഖ്യകളുടെ ആരോഹണം, അവരോഹണം, അക്ഷരത്തിലെഴുതൽ അക്കത്തിലെഴുതൽ, പാറ്റേൺ, നാണയങ്ങളും കറൻസികളും പരിചയപ്പെടുത്തൽ | ജൂലായ് | |
| ❖ രണ്ടായിരം വരെയുള്ള നാലക്ക സംഖ്യകൾ അക്കത്തിൽ എഴുതുന്നു. ആയിരം വരെയുള്ള സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ, സ്ഥാനവില അനുസരിച്ച് പിരിച്ചെഴുതൽ | ആഗസ്റ്റ് | |
| ❖ രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനം വിവിധ വഴികളിലൂടെ ചെയ്യുന്നു.<br>മൂന്നക്കസംഖ്യകളെ സ്ഥാന വിലയനുസരിച്ച് പിരിച്ചെഴുതി സങ്കലനം ചെയ്യുന്നു.<br>മൂന്നക്കസംഖ്യകളുടെ പാറ്റേൺ | ആഗസ്റ്റ് | |

| | | |
|---|---|---|
| ❖ വ്യത്യസ്ത ഉപകരണങ്ങൾ ഉപയോഗിച്ച് നീളം അളക്കുന്നു. സെന്റിമീറ്റർ നീളമുള്ള വസ്തുക്കൾ പട്ടികപ്പെടുത്തൽ, സെന്റിമീറ്റർ, മീറ്റർ തമ്മിലുള്ള പരസ്പരം ബന്ധം കണ്ടെത്തൽ | സെപ്റ്റംബർ | |
| ❖ പ്രായോഗിക സന്ദർഭങ്ങളിലൂടെ ഗുണനം പഠിക്കുന്നു. ഗുണന പ്രശ്നങ്ങൾ, നിർദ്ധാരണം ചെയ്യുന്നു. ടോക്കണുകൾ, ചിത്ര കാർഡുകൾ ഉപയോഗിക്കുന്നു. | ഒക്ടോബർ | |
| ❖ മൂന്നക്കസംഖ്യകളെ സ്ഥാനവിലയനുസരിച്ച് പിരിച്ചെഴുതി വ്യവകലനം ചെയ്യൽ മൂന്നക്കസംഖ്യകളുടെ വ്യത്യസ്ത വ്യവകലന രീതികൾ | ഒക്ടോബർ | |
| ❖ ക്ലോക്ക്, വാച്ച് നോക്കി സമയം പറയൽ, ചിത്രീകരിക്കൽ, കലണ്ടർ നോക്കി, ദിവസം, മാസം, വർഷം എന്നിവ അറിയൽ, പറയൽ, ചിത്രീകരിക്കൽ | നവംബർ | |
| ❖ ഗുണനവസ്തുതകൾ രൂപീകരിക്കാനും പട്ടികപ്പെടുത്താനും പഠിക്കുന്നു ഗുണനപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | ഡിസംബർ | |
| ❖ ഹരണ ക്രിയയെ ഗുണന വസ്തുത യുമായി ബന്ധപ്പെടുത്തിയുള്ള ചോദ്യങ്ങൾ നിർധാരണം ചെയ്യുന്നു. തുല്യ എണ്ണം കൂട്ടങ്ങളാക്കി മാറ്റുന്നു. | | |

| പ്രവർത്തനങ്ങൾ | കാലയളവ് | വിലയിരുത്തൽ |
|---|---|---|
| ❖ ഉള്ളളവ് അളക്കുന്നതിനുള്ള വിവിധ ഉപകരണങ്ങൾ തിരിച്ചറിയുന്നു. അവ ഉപയോഗിച്ച് അളക്കുന്നു. ഭാരം അളക്കുന്നു. ത്രാസ് ഉപയോഗിച്ച് അളക്കുന്നു. അളവുപാത്ര നിർമ്മാണം | ഫെബ്രുവരി | |
| ❖ വിവരങ്ങൾ തരംതിരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിൽ നിന്ന് വിവരശേഖരണം നടത്തുന്നു. ചിത്രരൂപത്തിൽ വിവരങ്ങൾ പട്ടികപ്പെടുത്തുന്നു. ചിത്രവായന, പട്ടിക പൂർത്തിയാക്കൽ | മാർച്ച് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് 4

# ആമുഖം

2025-26 അധ്യയന വർഷത്തിൽ 4-ാം ക്ലാസ്സിലെ കുട്ടികൾക്ക് എല്ലാ വിഷയങ്ങളിലും നേടേണ്ട ശേഷികളെ മുൻനിർത്തി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മാർച്ച് മാസത്തോടു കൂടി എല്ലാ കുട്ടികളും സ്വന്തമായി ഭാവാത്മകമായി വായിക്കുവാനും രചനകളിൽ ഏർപ്പെടാനും കഴിയുന്ന പ്രവർത്തനങ്ങളാണ് നാലാം ക്ലാസ്സിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇംഗ്ലീഷ് പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ സ്വന്തമായി വായിക്കുവാനും, സംഭാഷണം, ഡയറി, വിവരണം, വരികൾ കൂട്ടിച്ചേർക്കൽ, സ്കിറ്റ് ഇവയെല്ലാം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.

ഗണിതത്തിൽ നാലക്ക സംഖ്യാബോധം ഉറപ്പിക്കലും, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, പാറ്റേണുകൾ എന്നിവ പരിചയപ്പെടുത്തുന്നതിലൂടെ കുട്ടികൾ ഗണിത പഠനത്തിലെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. പരിസര പഠനത്തിൽ പ്രക്രിയാശേഷികളായ നിരീക്ഷണം തരംതിരിക്കൽ, വർഗീകരണം, പരീക്ഷണത്തിലേർപ്പെടൽ, നിഗമനം എന്നിവയിലൂടെ കുട്ടി മുന്നേറുന്നു.

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ്സ് ടീച്ചർ | PTA |

വായിക്കാം വളരാം

| | | | | |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാകൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം വായനാ കുറിപ്പ് ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, വായന | ജൂൺ - ഫെബ്രുവരി | SRG ക്ലാസ്സ് ടീച്ചർ | PTA |

എഴുതാം തെളിയാം

| | | | | |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | എല്ലാ മാസവും | SRG ക്ലാസ്സ് ടീച്ചർ | PTA |

എഴുത്തുകാരുമായി സംവദിക്കൽ, പരിചയപ്പെടൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹികാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ, സാഹിത്യകാരന്മാരുടെ രചന പരിചയപ്പെടൽ | ജനുവരി | ക്ലാസ്സ് ടീച്ചർ | |

കണ്ടറിയാം കേട്ടറിയാം

| | | | | |
|---|---|---|---|---|
| അറിവ് ഡോക്യുമെന്ററിയിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |

രുചിച്ചറിയാം

| | | | | |
|---|---|---|---|---|
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം - ക്ലാസ്സിലൊരു സദ്യ | വർഷത്തിലൊന്ന് | SRGക്ലാസ്സ് ടീച്ചർ | |

കലക്കൂട്ട്

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | കലയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കൽ | വർഷത്തിലൊന്ന് | SRGക്ലാസ്സ് ടീച്ചർ | PTA |

സർഗ്ഗോത്സവം

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | ഫെബ്രുവരി | SRG CPTA ക്ലാസ്സ് ടീച്ചർ | PTA |

## ENGLISH

ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)

മധുരം മലയാളം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (കുട്ടികളുടെ അസംബ്ലി) | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)

| | | | | |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)

| | | | | |
|---|---|---|---|---|
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama( Conversation) | ആഗസ്റ്റ്, ഒക്ടോബർ, ജനുവരി | ക്ലാസ്സ് ടീച്ചർ | SMC |

ഇംഗ്ലീഷ് മാഗസിൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | ആഗസ്റ്റ്, ഒക്ടോബർ, ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ SMC | SMC |

ഇംഗ്ലീഷ് കൈയെഴുത്ത്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ നവംബർ | ക്ലാസ്സ് ടീച്ചർ | |

ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ്, പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | രക്ഷിതാക്കൾ |

ഇംഗ്ലീഷ് ഫെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ | PTA |

**പരിസരപഠനം**

**പ്രകൃതി നടത്തം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | CPTA | PTA |

**ശാസ്ത്രമൂല**

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ (ജനുവരി -ഫെബ്രുവരി) | HM SRG ക്ലാസ്സ് ടീച്ചർ | PTA SSA |

**ശാസ്ത്രയാത്ര -ഭൂപടമൊരുക്കാം**

| | | | | |
|---|---|---|---|---|
| കേരളം - ഇന്ത്യ - ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട വായന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG ക്ലാസ്സ് ടീച്ചർ | PTA |

ശാസ്ത്രവിസ്മയ ചുമർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലസ്സ് ടീച്ചർ | PTA |

**ശാസ്ത്രോത്സവം**

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പമനോപകരണം, പരീക്ഷണം | വർഷത്തിലൊരിക്കൽ | HM SRG ക്ലസ്സ് ടീച്ചർ | PTA |

ശാസ്ത്രമാസിക

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലസ്സ് ടീച്ചർ | PTA |

## ഗണിതം

### കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ - ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ<br>മൂല്യനിർണ്ണയം<br>ഏണിയും- പാമ്പും<br>ഡയസ് കളി<br>സങ്കലനം-വ്യവകലനം (കച്ചവടകളി) | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ | |

### ഒറിഗാമിയിലൂടെ പഠിക്കാം

| | | | | |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം<br>പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ | PTA |

### ഗണിത ലാബ്

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ്സ് ടീച്ചർ | PTA |

## ഗണിത ചുമർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | PTA |

## ഗണിതപഠനോപകരണ ശില്പശാല

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠ നോപകരണങ്ങളുടെ നിർമ്മാണം പ്രവർത്തനം | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | PTA |

## ഗണിതമേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ്സ് ടീച്ചർ | PTA |